# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1023

30.11.2018-ലെ മറുപടി

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണത്തിനായി അമൃത് പദ്ധതിയിൽ നിന്നും അനുവദിച്ച ആറ് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | അമൃത് പദ്ധതിയിലുൾപ്പെടുത്തി ഇട കൊച്ചിയിൽ 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് കരാറുകാരന് 14/05/2018 ന് സെലക്ഷൻ നോട്ടീസ് നൽകിയിരുന്നു. എന്നാൽ കരാറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ കുറഞ്ഞ ലോക്കൽ മാർക്കറ്റ് റേറ്റ് (LMR) നിരക്ക് അനുസരിച്ചാണ് കൊച്ചി പി.എച്ച്. സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉത്തരവ് നൽകി യിരുന്നത്. ഈ സാഹചര്യത്തിൽ പ്രവൃത്തിയുടെ നടത്തിപ്പ് രീതിയിൽ (Scope of work) എന്തെങ്കിലും മാറ്റം ഉണ്ടോയെന്ന് കരാറുകാരൻ ആരായുകയും ഈ പ്രവൃത്തി ദർഘാസിൽ വിവരിച്ച പ്രകാരം ആണെന്നും, LMR നിരക്കോ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റോ (DSR) ഏതാണോ കുറവ് അത് അനുവദിക്കു വാനേ ചട്ടം അനുശാസിക്കുന്നുള്ളൂ എന്ന് കരാറുകാരനെ അറിയിക്കുകയും ചെയ്തു. ആയതനുസരിച്ച് കരാർ ഉടമ്പടി നടത്തി എത്രയും വേഗം പ്രവൃത്തി ആരംഭി ക്കുവാൻ 7/6/2018, 17/7/2018 എന്നീ തീയ്യതികളിൽ കരാറുകാരന് നിർദ്ദേശം നൽകി. എന്നാൽ കരാറുകാരൻ ഹാജരാകാതിരിക്കുകയും പ്രവൃത്തിക്കായി |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ഒടുക്കിയ നിരത ദ്രവ്യം 01/10/2018 ൽ വാക്കാൽ തിരികെ ആവശ്യപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ ടി ദർഘാസ് റദ്ദ് ചെയ്ത് 23/10/2018-ൽ പുനർ ദർഘാസ് ക്ഷണിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് 23/10/2018-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും. ഏക ദർഘാസ് ആയ കാരണത്താൽ ദർഘാസ് സമർപ്പിക്കേണ്ട തീയതി 29/11/2018 വരെ നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് നടപടി ക്രമങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ദർഘാസ് നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

(signature)

**സെക്ഷൻ ഓഫീസർ**